"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മംഗലംഡാം ലൂർദ് മാതാ ഹൈസ്ക്കൂളിലെ എച്ച്.എസ്.ടി (മാത്സ്) ശ്രീമതി.ജയ്സ് മേരി ജോസഫ് പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.14629/2023**-കേസിലെ **05.05.2023** തീയതിയിലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3121/2023/GEDN തീയതി, തിരുവനന്തപുരം, 31-05-2023

പരാമർശം:-
1. പാലക്കാട് മംഗലംഡാം ലൂർദ് മാതാ ഹൈസ്ക്കൂളിലെ എച്ച്.എസ്.ടി (മാത്സ്) ശ്രീമതി.ജയ്സ് മേരി ജോസഫ് പി. യുടെ **11.04.2022**-ലെ അപേക്ഷ
2. പാലക്കാട് മംഗലംഡാം ലൂർദ് മാതാ ഹൈസ്ക്കൂളിലെ എച്ച്.എസ്.ടി (മാത്സ്) ശ്രീമതി.ജയ്സ് മേരി ജോസഫ് പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.14629/2023**-കേസിലെ **05.05.2023** തീയതിയിലെ വിധിന്യായം
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ **18.05.2023**-ലെ ബി2/2299/2022 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് മംഗലംഡാം ലൂർദ് മാതാ ഹൈസ്ക്കൂളിലെ എച്ച്എസ്.ടി (മാത്സ്) ശ്രീമതി.ജയ്സ് മേരി ജോസഫ് പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.14629/2023**-കേസിലെ പരാമർശം ( **2** )-ലെ വിധിന്യായത്തിൽ ഹർജിക്കാരിയെ നേരിൽ കേൾക്കുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു . അതിന്റെ അടിസ്ഥാനത്തിൽ **29.05.2023** തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന നടത്തിയ ഹിയറിംഗിൽ ഹർജിക്കാരിയും സ്ക്കൂൾ പ്രധാനാധ്യാപികയും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും പങ്കെടുത്തു.

**2) ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

"സ.ഉ.(സാധാ)നം.**2270/2022**/പൊവിവ തീയതി **06.04.2022** പ്രകാരം

ഹർജിക്കാരിയുടെ ജനനത്തീയതിയിലെ അപാകം പരിഹരിക്കുന്നതിന് കാലതാമസം ഒഴിവാക്കി അപേക്ഷ സമർപ്പിക്കുവാൻ പ്രത്യേക അനുമതി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ, നിലവിൽ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നില്ല എന്ന് അപേക്ഷക ബോധിപ്പിച്ചിട്ടുണ്ട് എന്ന് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിൽ അപ്രകാരം പറഞ്ഞിട്ടില്ല. ഹർജിക്കാരി നിലവിൽ സ്ക്കൂൾ അദ്ധ്യാപികയാണ് എന്ന് അപേക്ഷയിൽ വ്യക്തമാക്കാത്തതിനാലാണ് സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നില്ല എന്ന് അപേക്ഷക ബോധിപ്പിച്ചിട്ടുണ്ട് എന്ന് മേൽ ഉത്തരവിൽ രേഖപ്പെടുത്താനിടയായത്.

സേവനത്തിൽ പ്രവേശിച്ച് 5 വർഷത്തിനുള്ളിൽ ജനനത്തീയതി ക്രമപ്പെടുത്തി സേവനപുസ്തകത്തിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശങ്ങളുള്ളതിനാൽ പ്രസ്തുത കാലാവധിക്ക് ശേഷം സേവനപുസ്തകത്തിൽ തിരുത്താനും അതുമായി ബന്ധപ്പെട്ട സേവനാനുകൂല്യങ്ങൾ ലഭ്യമാക്കാനും കഴിയില്ല എന്ന ധാരണ മൂലമാണ് അപേക്ഷയിൽ ജോലിയുള്ള വസ്തുത പറയാതിരുന്നത്. അപേക്ഷയിൽ സൂചിപ്പിച്ച പോലെ വിദേശയാത്രയ്ക്ക് പോകാൻ ശരിയായ ജനനത്തീയതി എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തി വാങ്ങിയാൽ മതിയെന്ന പരിമിതമായ ആഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളു.

ജനനത്തീയതി തിരുത്തി യഥാർത്ഥ തീയതി സേവനപുസ്തകത്തിൽ ചേർത്താൽ പെൻഷൻ തീയതി **31.03.2024** ആയി മാറുകയും ഒരു വർഷത്തെ അധിക സേവനകാലം ലഭിക്കുകയും പെൻഷൻ ആനുകൂല്യങ്ങളിൽ വർദ്ധനവിന് സഹായകമാവുകയും ചെയ്യുന്നതാണെന്നും ബോധിപ്പിക്കുന്നു."

**3) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.**

"എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിന് ശ്രീമതി.ജയ്സ് മേരി ജോസഫ് പി. പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി സ.ഉ.(സാധാ)നം.**2270/2022**/പൊവിവ തീയതി **06.04.2022** പ്രകാരം ഉത്തരവായി. പ്രസ്തുത ഉത്തരവിൽ ടിയാരി വിദേശത്തേക്ക് പോകുന്ന ആവശ്യത്തിലേക്കാണ്

ജനനത്തീയതിയിൽ മാറ്റം വരുത്തുന്നതെന്നാണ് നല്കിയിരിക്കുന്നത്. അപേക്ഷക എയ്ഡഡ് സർവീസിൽ സേവനത്തിലിരിക്കുന്ന വ്യക്തിയാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർ ടിയാരിയുടെ ജനനത്തീയതി എസ്.എസ്.എൽ.സി. രേഖയിൽ തിരുത്തി നല്കിയിട്ടുണ്ട്. നിലവിൽ ജനനത്തീയതി തിരുത്തി ലഭിച്ച സാഹചര്യത്തിൽ സർവ്വീസ് രേഖകളിലും സേവനപുസ്തകത്തിലും ആവശ്യമായ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ടാണ് ടിയാരി അപേക്ഷ നല്കിയിരിക്കുന്നത്."

**4 )** സർക്കാർ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെയും നിലവിലെ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. സേവനപുസ്തകത്തിലും സ്പാർക്കിലും രേഖപ്പെടുത്തിയിട്ടുള്ള ഹർജിക്കാരിയുടെ ജനനത്തീയതി **05.05.1967** എന്നത് **05.02.1968** എന്നു തിരുത്തണമെന്നതാണ് ആവശ്യം. ശ്രീമതി.ജയ്സ് മേരി ജോസഫ് പി.യുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ **05.05.1967** എന്നാണ് ജനനത്തീയതി രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ടിയാരിയുടെ ശരിയായ ജനനത്തീയതിയായ **05.02.1968** എന്ന് എസ്.എസ്.എൽ.സി ബുക്കിൽ തിരുത്തി കിട്ടുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കുന്നതിന് വേണ്ടി ടിയാരി സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ, ടിയാരിക്ക് "വിദേശത്തു പോകുന്നതിന് ജനനസർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതു പോലെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലും ജനനതീയതി രേഖപ്പെടുത്തേണ്ടത് ആവശ്യമായി വന്നിരിക്കുന്നു" എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ടിയാരി എയ്ഡഡ് സ്ക്കൂൾ അധ്യാപികയാണെന്ന വിവരം പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്നില്ല.

**5)** **1959** - ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം **6** ചട്ടം **3** (എ), പ്രസ്തുത ചട്ടത്തിന്റെ കുറിപ്പ് എന്നിവ പ്രകാരമാണ് എസ്എസ്.എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷകൾ പരിഗണിയ്ക്കുന്നത്.

**Rule 3 (A) :- A time limit of fifteen years from the date of leaving the school or the date of appearing for the SSLC Examination for the last time whichever is earlier is fixed for entertaining requests for correction of date of birth in School**

**records by the Commissioner of Government Examinations.**

**Note :- The Government shall consider requests for condonation of delay in making correction of date of birth cases, on merits, provided that the applicant is within 50 years of age as per the original entry in the school records.**

**6)** 50 വയസ്സ് പൂർത്തിയായിട്ടുള്ള അപേക്ഷകർക്ക് എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിനായി പ്രസ്തുത ചട്ടത്തിന് ഇളവു വരുത്തി **15.12.2014**-ൽ ജി.ഒ.(പി) **274/2014**/പൊ.വി.വ. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം **"In the case of applicants who attained the age of 50 years, Government shall consider the application for condonation of delay for correction of date of birth in school records on merits on the case to case basis, provided it shall not be used for extending any service, getting any job, or availing any service benefits including correction of date of birth in service records in Government/Semi Government / Public Sector Undertakings."**

**7)** അപേക്ഷകയ്ക്ക് **5 0** വയസ്സ് പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ, (അപേക്ഷക എയ്ഡഡ് സർവീസിൽ സേവനത്തിലിരിക്കുന്ന വ്യക്തിയാണ് എന്ന് അപേക്ഷയിൽ ബോധിപ്പിക്കാത്തതിനാൽ) എസ്.എസ്.എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിന് **5.12.2014**-ലെ ജി.ഒ.(പി) **274/2014**/പൊ.വി.വ-ന്റെ അടിസ്ഥാനത്തിൽ അർഹതയുള്ളതായി ബോധ്യപ്പെട്ടതിനാലാണ് ശ്രീമതി. ജയ്സ് മേരി ജോസഫ് പി.ക്ക് വിദേശത്ത് പോകുന്ന ആവശ്യത്തിലേക്കായി എസ്.എസ്.എൽ.സി. ബുക്കിൽ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി സ.ഉ.(സാധാ)നം.**2270/2022**/പൊവിവ തീയതി **06.04.2022** പ്രകാരം അനുമതി നൽകിയത്.

**8)** എന്നാൽ, ടിയാരി എയ്ഡഡ് സ്ക്കൂൾ ടീച്ചറാണെന്നുള്ള വസ്തുത മറച്ചു വച്ചാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ഹർ ജിക്കാരിയുടെ **11.04.2022**-ലെ അപേക്ഷയിലും ടിയാരി ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചാണ് ടിയാരി ടി ഉത്തരവ് നേടിയെടുത്തത് എന്നതും

വ്യക്തമാണ്. മാത്രമല്ല, ഇപ്രകാരം ഉത്തരവ് നേടിയെടുത്തെങ്കിലും ടിയാരി വിദേശത്ത് പോയിട്ടില്ല എന്ന് ഹിയറിംഗ് വേളയിൽ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, **06.04.2022**-ലെ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ സ്ക്കൂൾ രേഖകളിലോ എസ്.എസ്.എൽ.സി / സർവീസ് റെക്കോർഡുകൾ എന്നിവയിലോ തിരുത്തൽ വരുത്തി കിട്ടാൻ അപേക്ഷകയ്ക്ക് അവകാശമുണ്ടായിരിക്കുന്നതല്ല എന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

**9)** മേൽ സാഹചര്യത്തിൽ, സേവനപുസ്തകത്തിലും സ്പാർക്കിലും രേഖപ്പെടുത്തിയിട്ടുള്ള ഹർജിക്കാരിയുടെ ജനനത്തീയതി **05.05.1967** എന്നത് **05.02.1968** എന്നു തിരുത്തണമെന്ന ആവശ്യം നിരസിച്ച്, അപ്രകാരം പാലക്കാട് മംഗലംഡാം ലൂർദ് മാതാ ഹൈസ്ക്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി.ജയ്സ് മേരി ജോസഫ് പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.14629/2023**-ന്റെ പരാമർ ശം **(2)**-ലെ വിധിന്യായത്തിലുള്ള നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ലൂർദ്ദ് മാതാ ഹൈസ്ക്കൂൾ, മംഗലം ഡാം, പാലക്കാട്
ഹെഡ് മിസ്ട്രസ്സ്, ലൂർദ്ദ് മാതാ ഹൈസ്ക്കൂൾ, മംഗലം ഡാം, പാലക്കാട്
ശ്രീമതി.ജയ്സ് മേരി ജോസഫ് പി., എച്ച്.എസ്.ടി.(മാത്സ്), ലൂർദ്ദ് മാതാ ഹൈസ്ക്കൂൾ, മംഗലം ഡാം, പാലക്കാട്
വിവര പൊതുജന സമ്പർക്ക (വെബ്സ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 31-05-2023 11:01:00

സെക്ഷൻ ഓഫീസർ